# <u>അതിഥി തൊഴിലാളിയുടെ കൊലപാതകം- പ്രതികൾ അറസ്റ്റിൽ</u>

നെടുമ്പാശേരി ചെറിയ വാപ്പാലശേരിയിൽ അതിഥി തൊഴിലാളി ശ്രീധറിൻ്റെ കൊലപാതകവുമായി ബന്ധപ്പെട്ട് രണ്ടു പേരെ പോലീസ് അറസ്റ്റ് ചെയ്തു. ഒറീസാ സ്വദേശികളായ ചഗല സുമൽ (26), ആഷിഷ് ബഹുയി (26) എന്നിവരാണ് പിടിയിലായത്. ചൊവ്വാഴ്ച രാത്രിയാണ് സംഭവം നടന്നത്. പ്രതികൾ ശ്രീധറിനെ ഇരുമ്പുവടി കൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്തിയ ശേഷം മൃതദേഹം പൊതിഞ്ഞ് റയിൽവേ ട്രാക്കിൽ കൊണ്ടുവന്നിടുകയായിരുന്നു. കൊല ചെയ്യപ്പെട്ട ശ്രീധറിൻ്റെ സുഹൃത്തുക്കളാണ് പ്രതികൾ. ഇവർ ഒരുമിച്ചാണ് താമസം. വാപ്പാലശേരിയിലെ ഒരു കാർട്ടൺ കമ്പനിയാലാണ് മൂന്നു പേർക്കും ജോലി ചെയ്തിരുന്നത്. ജോലിക്കിടയിൽ ഇവർ തമ്മിൽ വാക്കുതർക്കമുണ്ടായിരുന്നു. മറ്റു തൊഴിലാളികൾ ഇടപെട്ടാണ് അത് തീർത്തത്. രാത്രി മദ്യപിച്ച ശേഷം വീണ്ടും ബഹളം ഉണ്ടാവുകയും അത് കൊലപാതകത്തിൽ കലാശിക്കുകയുമായിരുന്നു. തുടർന്ന് മൃതദേഹം ട്രാക്കിൽ കൊണ്ടു പോയി ഇടുകയുമായിരുന്നു. ട്രെയിൻ കയറിയിറങ്ങിയ മൃതദേഹം ച്ഛിന്നഭിന്നമായ നിലയിലാണ് കാണപ്പെട്ടത്. രാത്രി പന്ത്രണ്ടു മണിയോടെ ശ്രീധർ ഫോൺ ചെയ്ത് പുറത്തേക്കക്ക് പോകുന്നതു കണ്ടെന്നും പിന്നീട് തിരികെ വന്നില്ലെന്നുമാണ് പ്രതികൾ ആദ്യം പോലീസിനോടു പറഞ്ഞത്. തുടർന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്തപ്പോൾ കുറ്റം തെളിയുകയായിരുന്നു. കുറച്ചു മാസങ്ങൾക്കു മുമ്പ് ശ്രീധർ തന്നെയാണ് നാട്ടിൽ നിന്നും ഇവർ രണ്ടു പേരെ ജോലിക്ക് കൊണ്ടുവന്നത്. സംഭവം നടന്ന് മണിക്കൂറുകൾക്കുള്ളിൽ പ്രതിയെ പിടികൂടാൻ കഴിഞ്ഞത് റൂറൽ പോലീസിൻ്റെ നേട്ടമായി. ജില്ലാ പോലീസ് മേധാവി കെ.കാർത്തികിൻ്റെ നേതൃത്വത്തിൽ ഡി.വൈ.എസ്.പി എം.ആർ. മധു ബാബു, എസ്.ഐമാരായ വന്ദന കൃഷ്ണ, എ.കെ. ബഷീർ, എ.എസ്.ഐ വി.എസ് പ്രമോദ്, സി.പി.ഒ മാരായ കെ.കെ. രാജേഷ്, എൻ.ജി ജിസ് മോൻ , ദിലീപ് കുമാർ, എം.ആർ. മിഥുൻ എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉള്ളത്.